കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ-കെ.എസ്.എ-പികെഡി16-8/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.
തീയതി –13.02.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരള പഞ്ചായത്ത് രാജ്- (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ

പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നമ്പർ-കെ.എസ്.എ-പികെഡി16-8/2019 തീയതി-13.02.2019.

## പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.6.2017 മുതൽ 23.11.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട്

തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.11.2018 മുതൽ 3.12.2018 വരെ |

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ബിജു ആന്റണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.കെ.സി.ഹരിഗോവിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മുഹമ്മദ് ഹിഷാം | ഓഡിറ്റർ |
| | | ശ്രീ.ഗോകുൽ.സി.എം. (മനുഷ്യ ദിനം കണക്കാക്കിയിട്ടില്ല) | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കെ.കുഞ്ഞൻ | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ.ജോമോൻ ജോർജ്ജ് | 1.4.17 മുതൽ 6.6.17 വരെ |
| | ശ്രീ.സന്തോഷ്കുമാർ.പി.ബി. | 7.6.17AN മുതൽ 29.6.17FN വരെ |
| | ശ്രീമതി.പ്രശാന്തി.എസ്.<br>അസി.സെക്രട്ടറി<br>(ഇൻ ചാർജ്) | 29.6.17AN മുതൽ 4.7.17വരെ |
| | ശ്രീ.ജോമോൻ ജോർജ്ജ് | 5.7.17 മുതൽ 13.7.17വരെ |

| | | |
|---|---|---|
| | ശ്രീ.ജോസഫ്.പി.റ്റി. | 14.7.17 മുതൽ 31.11.17 വരെ |
| | ശ്രീ.ബാബു.ഒ.എ. | 1.12.17 മുതൽ 13.12.17 വരെ |
| | ശ്രീ.രഞ്ജിത്ത്.വി.ജി., അസി.സെക്രട്ടറി (ഇൻ ചാർജ്) | 14.12.17 മുതൽ 18.1.18വരെ |
| | ശ്രീ.മനോജ്.പി | 19.1.18AN മുതൽ 31.3.18വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.സാബു.സി.എസ്. | 1.4.17മുതൽ 31.5.17 വരെ |
| | ശ്രീ.ശരത് മോഹൻ | 1.6.17മുതൽ 20.6.17വരെ |
| | ശ്രീമതി.സരിത | 21.6.17 മുതൽ 1.11.17FNവരെ |
| | ശ്രീ.ഫ്ലെമിൻ സേവ്യർ | 1.11.17AN മുതൽ 31.3.18വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഐഷാബി | 1.4.17 മുതൽ 20.11.17വരെ |
| | ശ്രീമതി.ജയനിർമ്മല | 21.11.17 മുതൽ 30.1.18FNവരെ |
| | ശ്രീമതി.ശ്രീവിദ്യ.എസ്. | 30.1.18AN മുതൽ 31.3.18വരെ |
| പ്രധാനാദ്ധ്യാപിക, GLPS, താന്നിക്കുന്ന് | ശ്രീമതി.കെ.കെ.പ്രേമകുമാരി | 1.4.17 മുതൽ 31.3.18വരെ |
| വി.ഇ.ഒ. | ശ്രീ.പ്രദീപ്.കെ | 1.4.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.തങ്കം.കെ. | 1.4.17 മുതൽ 31.3.18വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോയ്.എം.ഡി | 1.4.17 മുതൽ 15.6.17FNവരെ |
| | ശ്രീമതി.നിഷ.എൻ. | 15.6.17AN മുതൽ 23.6.17FNവരെ |

| | | |
|---|---|---|
| | ശ്രീമതി.പ്രശാന്തി.എസ്. | 23.6.17AN മുതൽ 7.12.17വരെ |
| | ശ്രീ.രഞ്ജിത്ത്.വി.ജി. | 8.12.17 മുതൽ 31.3.18വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അഷറഫ്.എ. | 1.4.17 മുതൽ 29.12.17FNവരെ |
| | ഡോ.മുഹമ്മദ് അഷറഫ് | 29.12.17AN മുതൽ 31.3.18വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ധന്യ.എസ്. | 1.4.17 മുതൽ 21.7.17വരെ |
| | ഡോ.രേണു.എസ്.ആർ. | 22.7.17 മുതൽ 31.3.18വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ജ്യോതിഷ് | 1.4.17 മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.രാജേഷ് | 1.4.17 മുതൽ 10.6.18വരെ |
| | ഡോ.രജിത | 11.6.18 മുതൽ 17.10.17FNവരെ |
| | ഡോ.ബോബിത | 17.10.17AN മുതൽ 31.3.18വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രസന്ന | 1.4.17 മുതൽ 31.3.18വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സർട്ടിഫിക്കറ്റിൽ ഉൾപ്പെടാത്തവ) | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 2-1 |
| 14 | രസീതി പിരിവ്-അപാകതകൾ | 2-2 |
| 15 | ഡി&ഒ ലൈസൻസ്-അപാകതകൾ | 2-3 |
| 16 | വസ്തു നികുതി -ഭീമമായ കുടിശ്ശിക | 2-4 |
| 17 | തൊഴിൽനികുതി പിരിവ്- അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 18 | പൊതു ഭരണം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-1 |
| 19 | തെരുവു വിളക്ക റിപ്പയർ -രേഖകൾ ഇല്ലാതെ തുക അനുവദിച്ചു | 3-2 |
| 20 | തെരുവു വിളക്ക പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 3-3 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-4 |
| 22 | ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിച്ചില്ല | 3-5 |
| 23 | മുട്ടിപ്പാലം പൊതുജന വായനശാല നവീകരണം -ഫയൽ ഹാജരാക്കിയില്ല | 3-6 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി നൽകിയ തുകയ്ക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-7 |
| 26 | ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. | 3-8 |
| 28 | ഇൻവോയ്സിലെ രേഖപ്പെടുത്തലുകൾ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. | 3-9 |
| 29 | എൻ.ആർ.ഇ.ജി.എസ്.- അവലോകനം | 3-10 |
| 30 | ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ. | 3-11 |
| 31 | മരാമത്ത് പ്രവൃത്തിയിൽ പിഴ ഈടാക്കിയതിൽ കുറവ് – ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കി. | 3-12 |

| | | |
|---|---|---|
| 32 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) ഉപയോഗിച്ച് പ്രവൃത്തി ചെയ്ത കെട്ടിടം പഞ്ചായത്തിന് കൈമാറിക്കിട്ടിയതാണോ എന്ന് വ്യക്തമല്ല. ചെലവ് തുക 131493രൂ. തടസ്സത്തിൽ വെയ്ക്കുന്നു. | 3-13 |
| 33 | രേഖകളുടെയും റജിസ്റ്ററുകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച് | 3-14 |
| 34 | ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ വളരെ കുറഞ്ഞ തുകകൾക്ക് അറ്റകുറ്റപ്രവൃത്തികൾ നടത്തിയിരിക്കുന്നു. | 3-15 |
| 35 | പൊതുടാപ്പുകൾ കുറവു ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-16 |
| 36 | മാലിന്യസംസ്കരണം പദ്ധതികൾ നടപ്പിലാക്കിയില്ല | 3-17 |
| 37 | സാന്ത്വന പരിചരണ പദ്ധതി - അവലോകനം | 3-18 |
| 38 | അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടു. | 3-19 |
| 39 | ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ് | 3-20 |
| 40 | പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. | 3-21 |
| | ഭാഗം 4 | |
| 41 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപം | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 48 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്,ബാലൻസ് ഷീറ്റ്-സംക്ഷിപ്തം | 2 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 15.3.17 തീയതിയിലെ 1(1)-ാം നം. തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 28.2.2018ലെ 1(1)-ാം നം. തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 18.5.2018 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 23.06.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(41)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹. 18526018.50 |
| വരവ് | ₹. 66911075.00 |
| ആകെ | ₹. 85437093.50 |
| ചെലവ് | ₹. 79429293.00 |
| നീക്കിയിരിപ്പ് | ₹. 6007800.50 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 19073000 | 19073000 | 14362801 | 4710199 |
| വികസനഫണ്ട്-എസ്.സി.പി | | 0 | 14389275 | 14389275 | 6209821 | 8179454 |
| വികസനഫണ്ട്-ടി.എസ്.പി | | 0 | 20992 | 20992 | 0 | 20992 |
| മെയിന്റനൻസ്, റോഡ് | | 0 | 18739762 | 18739762 | 6832820 | 11906942 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4340558 | 4340558 | 2958987 | 1381571 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 9128809 | 9128809 | 5283652 | 3845157 |
| കെ.എൽ.എസ്.ജി.ഡി.പി | | 0 | 2413356 | 2413356 | 1506748 | 906608 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്* | തൊഴിലാളികളുടെ കൂലി | 8560 | 13236000 | 14264044 | 13236000 | 114650 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 1019484 | | 913394 | |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ – ICDS ഫണ്ട് | | 419036 | 1175470 | 1594506 | 866586 | 727920 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | TSC Fund | 0 | 137820 | 137820 | 137820 | 0 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 0 | 700000 | 700000 | 700000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 0 | 90000 | 90000 | 90000 | 0 |
| ബി ഫണ്ട് | തൊഴിലില്ലായ്മ വേതനം | | 74040 | 74040 | 74040 | 0 |
| | വിവാഹ ധന സഹായം* | 0 | 210000 | 210000 | 210000 | 0 |
| | കൃഷി-ഉത്പാദന ബോണസ് | 0 | 516800 | 516800 | 516800 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 9840367 | 12717000 | 22557367 | 22140420** | 416947 |
| തനത് ഫണ്ട് | അമ്പലപ്പാറ സർവീസ് കോ.ഓപ്പ്. ബാങ്ക് | 2927350 | 6315210 | 9242560 | 5506016 | 3736544 |
| | PNB, അമ്പലപ്പാറ | 2384022.50 | 1145066 | 3529088.50 | 2772070 | 757017.50 |
| | SBI, ഒറ്റപ്പാലം | 0 | 37615 | 37615 | 0 | 37615 |
| മറ്റിനം | | 2946683 | 258809 | 3205492 | 2988385 | 217107 |

*വിവാഹ ധനസഹായം തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
**₹.17759096/- സർക്കാർ നേരിട്ട് പിൻവലിച്ചിട്ടുണ്ട്. 31.5.2018ന് പിൻവലിച്ച തുക തിരികെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 345 | 115930512 | 217 | 42485799 | 0 | 128 | 62.90% |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 62.90% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 36.65% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 1 | 6051007 | 3261400 | 53.90% |
| വി.ഇ.ഒ | 11 | 8 | 8195133 | 3400006 | 41.49% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 6171540 | 5095362 | 82.56% |
| സെക്രട്ടറി | 19 | 9 | 9843016 | 3635822 | 36.94% |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 4 | 4370000 | 1249039 | 28.58% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 276 | 172 | 68222554 | 20539209 | 30.11% |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 522800 | 522749 | 99.99% |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 600000 | 600000 | 100.00% |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100.00% |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 8420000 | 1447750 | 17.19% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1140000 | 1140000 | 100.00% |
| പ്രധാന അധ്യാപകൻ | 6 | 2 | 2194462 | 1394462 | 63.54% |
| ആകെ | 345 | 217 | 115930512 | 42485799 | 36.65% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8560 | 1019484 | 14264044 | 913394 | 114650 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 13236000 | | 13236000 | |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 74040 | 125 |
| കർഷകതൊഴിലാളി പെൻഷൻ | 6329100 | 546 |
| വിധവാപെൻഷൻ | 19717600 | 1607 |
| വാർദ്ധക്യകാലപെൻഷൻ | 38012500 | 2621 |
| വികലാംഗപെൻഷൻ | 5170700 | 391 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ* | 2621500 | 213 |

**50* വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹.34987/- നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകൾ പരിഹരിക്കാത്തതാണ് ഇതിന് കാരണം.

പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടശേഷം, ആറു മാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതായിരുന്നെങ്കിലും ഓഡിറ്റ് കാലയളവു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഓരോ വികസന മേഖലയിലേയും നേട്ടങ്ങളും കോട്ടങ്ങളും അവസ്ഥാ വിശകലനം നടത്തി വികസന മേഖലയിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ നിർവചിച്ച് പദ്ധതി ആസൂത്രണ നിർവഹണ നടപടികളുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം എന്നും അതിൻപ്രകാരം മാത്രം പദ്ധതികൾ ആവിഷ്ക്കരിക്കണം എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ അത്തരത്തിൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ല.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തുന്നുണ്ട്. വിവിധ ഉദ്യോഗസ്ഥർക്ക് അനുവദിച്ച രസീത് ബുക്കുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സ്റ്റോക്കിന്റെ കൃത്യത ഉറപ്പു വരുത്താൻ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണ്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

ലഭിക്കുന്ന തപാലുകൾ മുഴുവൻ പേഴ്സണൽ രജിസ്റ്ററുകളിൽ ചേർക്കുന്നില്ല. അതിനാൽ സമയബന്ധിതമായി തപാലുകൾ തീർപ്പാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കുന്നില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദ്ദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.18 to 19.11.18 | 10/2018 | No.PAU.6/PAT1/ AMB/10-2018 dt.19.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.2.14 to 26.2.14 | 2008-09 to 2012-13 | LBA(HQ)VI/8A-2014/3 dt.8.4.14 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ തുക ₹.2621500/-, വിവാഹ ധനസഹായം തുക ₹.210000/- എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214,സർക്കാർ ഉത്തരവ്(ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി 02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ്-പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനവരി 15 -ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.
3. പഞ്ചായത്ത് കൗൺസിൽ ആവശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 ന മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം.

എന്നാൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യുടെ മിനിറ്റ്സ്, വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് എന്നിവ പരിശോധിച്ചപ്പോൾ 14.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് പാസാക്കി. തുടർന്ന് ഭരണസമിതിയുടെ 15.3.2017 ലെ 1(1) ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭ്യമാകുകയും ചെയ്തു.പിന്നീട് 6.2.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിലെ തീരുമാനം 5 പ്രകാരം ബജറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചു. 21.3.2018 ലെ ഭരണസമിതിയുടെ തീരുമാനം 5 പ്രകാരം അംഗീകാരം ലഭ്യമാകുകയും ചെയ്തു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് പരിശോധിച്ചപ്പോൾ ഇത് സംബന്ധിച്ച് കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 14.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനം.1 പ്രകാരം വാർഷിക ബജറ്റ് ചർച്ച ചെയ്യുകയും ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിറ്റ്സ് ബുക്ക് പേജ് നമ്പർ 90 മുതൽ 94 വരെ ബജറ്റ് സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലും നടത്താതെ ഒഴിച്ചിട്ടിരിക്കുന്നതായി കണ്ടെത്തി.

2. 06.02.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം: 5 പ്രകാരം 2017-18 വാർഷിക ബജറ്റ് താഴെ പറയും പ്രകാരം റിവൈസ് ചെയ്യുന്നതിന് തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിറ്റ്സിൽ ആകെ ചെലവിന്റെ വിശദാംശങ്ങളോ നീക്കിയിരിപ്പിന്റെ വിവരങ്ങളോ താഴെ രേഖപ്പെടുത്തിയിട്ടില്ല. പരിഷ്കരിച്ച ബജറ്റിന്റെ പ്രിന്റ് ലഭ്യമാക്കിയതിലും മേൽ വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല.

3. മേൽ മിനിറ്റ്സുകൾ, ബജറ്റിന്റെ പ്രിന്റ്ചെയ്ത പകർപ്പ് എന്നിവ ഒഴിച്ച് ബജറ്റിന്റെ നടപടിക്രമങ്ങൾ യാഥാവിധി പാലിച്ചതായുള്ള യാതൊരു രേഖകളോ ബജറ്റ് ഫയലോ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതായോ, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതായോ നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തതായി കാണുന്നില്ല. അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചാണോ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും രേഖകളിൽ നിന്നും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/28.11.2018) അപാകതകൾ പരിഹരിക്കുന്നതാണ് എന്നാണ് പഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്. പഞ്ചായത്തിന്റെ ചെലവുകൾക്കുള്ള അടിസ്ഥാന അനുമതിയായ ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് മാത്രമേ പാസാക്കപ്പെടുന്നുള്ളൂ എന്ന് ധനകാര്യ സ്ററാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 <u>രസീതി പിരിവ്-അപാകതകൾ</u>

<u>രസീതി പിരിവ്, ഒടുക്ക്, പണം പിൻവലിക്കൽ എന്നിവയുടെ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.</u>

- 16451 മുതൽ 16455 വരെ വിവിധ ഉദ്യോഗസ്ഥർക്ക് അനുവദിച്ച രസീത് ബുക്കുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 03/26.11.18 നൽകിയതിനിശേഷം രസീത് ബുക്കുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

- 16444 നമ്പറിലുള്ള രസീത് പുസ്തകത്തിലെ രസീതുകളിൽ പണം പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പും പ്രസ്തുത തീയതിയും രേഖപ്പെടുത്തിയിരുന്നില്ല. എൻക്വയറി നം. 05/28.11.18 ന് മറുപടിയായി

ഉദ്യോഗസ്ഥന്റെ ഒപ്പും തീയതിയും രേഖപ്പെടുത്തി ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

- 16444, 16447, 16450, 16452, 16455 നമ്പറിലുള്ള രസീത് ബുക്കുകൾ പഞ്ചായത്ത് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം രസീത് ബുക്കുകളുടെ താളുകൾ എണ്ണി തിട്ടപ്പെടുത്തി പഞ്ചായത്ത് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ടി ചട്ടം പാലിക്കാതിരുന്നതിന് എൻക്വയറി 05/28.11.18 നൽകുകയും സാക്ഷ്യപ്പെടുത്തലുകൾ നടത്തി രസീത് ബുക്കുകൾ ഓഡിറ്റിന് സമർപ്പിക്കുകയും ചെയ്തു.

- 1291137 നമ്പറിലുള്ള വൗച്ചർ പ്രകാരം 05/09/2018 തീയതി 7000 രൂപ പിൻവലിച്ചത് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.എൻക്വയറി നം.11/1.12.2018 ന് മറുപടിയായി ആയത് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

  ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ രേഖകളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ്-അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തേക്ക് ഡി&ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തേക്ക് അഡ്വാൻസ്, തൻവർഷം എന്നീ ഇനങ്ങളിലായി ആകെ 394 സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത സ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തേക്ക് ആകെ 428 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്.

ഡി&ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -പട്ടിക 1 ൽ ഉൾപ്പെട്ട ഡി&ഒ ലൈസൻസിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണെങ്കിലും പട്ടിക 1 ൽ ഉൾപ്പെട്ട അബ്കാരി ഷോപ്പുകൾ(കള്ള് ഷാപ്പുകൾ ഉൾപ്പെടെ)-(ക്രമ നമ്പർ 139),

റേഷൻ റീടെയിൽ ഷോപ്പുകൾ (ക്രമനമ്പർ 149) തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.

2.ഡി&ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി

ഡി&ഒ ലൈസൻസ് ചട്ട പ്രകാരം ഈടാക്കേണ്ടതിൽ നിന്നും കുറവായാണ് ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് കണ്ടെത്തി.

| ലൈസൻസ് നം. | സ്ഥാപനം | അപേക്ഷ പ്രകാരം പ്രതിദിന വിറ്റ് വരവ് | ചട്ട പ്രകാരം ഈടാക്കാവുന്നത് | ഈടാക്കിയിട്ടുള്ളത് |
|---|---|---|---|---|
| 39/17-18 | മാവേലി സ്റ്റോർ | 30000 | 1000 | 500 |

3. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രർത്തിക്കുന്ന മുഴവൻ കച്ചവടക്കാരിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി(കച്ചവടക്കാർ) എന്നിവ ഈടാക്കുന്നതിന് 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടം അനുസരിച്ചുള്ള പഞ്ചായത്ത് പരിധിയിലെ മുഴവൻ കച്ചവടക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.നിലവിൽ,2017-18 ൽ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത കച്ചവടക്കാരുടെ ലിസ്റ്റ് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് എന്ന നിലക്ക് സൂക്ഷിച്ച് വരുന്നത്.

4 ഡി&ഒ ലൈസൻസ് പുതുക്കിയ ചട്ടങ്ങളിലെ (1996 ലെ [ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ]ചട്ടങ്ങൾ) പട്ടിക രണ്ട് പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, ചെറുകിട, ഇടത്തരം, വൻകിട സ്ഥാപനങ്ങളാക്കി തരംതിരിച്ച് ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. ഭേദഗതിക്കനുസരിച്ച് തുടർവർഷങ്ങളിൽ ഫീസ് ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.14/3.12.2018)

ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 വസ്തു നികുതി - കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി(തൻവർഷം) ഇനത്തിൽ ആകെ 79ശതമാനം മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ. അതായത് തൻ വർഷത്തെ ആകെ ഡിമാന്റായ 38,21,443 രൂപയിൽ 30,04,804 രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ (സഞ്ചയ രജിസ്റ്റർ പ്രകാരം). കൂടാതെ വസ്തു നികുതി കുടിശ്ശിക ഡിമാന്റ് ഇനത്തിൽ 70ശതമാനം മാത്രമേ വരവ് വന്നിട്ടുള്ളൂ. അതായത് ആകെ കുടിശ്ശിക ഡിമാന്റായ 22,76,419.00 രൂപയിൽ 16,04,700.00 രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ (സഞ്ചയ രജിസ്റ്റർ പ്രകാരം). തൻ വർഷം, കുടിശ്ശിക ഇനത്തിലായി മേൽപ്രകാരം ആകെ 14,20,886.00 രൂപയുടെ വസ്തു നികുതി കുടിശ്ശിക 2017-18 സാമ്പത്തിക വർഷാവസാനത്തിൽ നിലനിൽക്കുന്നുണ്ട്. ഇതിൽ 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളിൽ നിന്ന് മാത്രമായി 2,77,200.00 രൂപ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 2017-18 വർഷത്തെ മിനിറ്റ്സ് പരിശോധിച്ചപ്പോൾ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുമുണ്ട്. എന്നാൽ സാമ്പത്തിക വർഷാവസാനത്തിൽ മേൽപ്രകാരം ഭീമമായ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നുമുണ്ട്. വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കാനുള്ള നടപടികൾ കൃത്യമായി സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർധിപ്പിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി പിരിവ്- അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി

ഈടാക്കിയിട്ടില്ല.

| സ്ഥാപനം | 2017-18 അർദ്ധ വർഷം |
|---|---|
| വേങ്ങശ്ശേരി ക്ഷീര സംഘം | I &II |
| അമ്പലപ്പാറ ക്ഷീര സംഘം | II |
| തീർത്ഥം ഹൈബേഴ്സ് | II |

2. ഡി&ഒ രജിസ്റ്ററിലെ വിവരങ്ങളും തൊഴിൽ നികുതി രജിസ്റ്ററും താരതമ്യപ്പെടുത്തി പരിശോധിച്ചപ്പോൾ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി(ജീവനക്കാർ) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ഡി&ഒ രജിസ്ററർ നമ്പർ | സ്ഥാപനം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 10 | കെ.ബി.ഹോളോബ്രിക്ക്സ്, കടമ്പൂർ | 5 |
| 13 | കൈരളി ഹോളോബ്രിക്ക്സ് | 9 |
| 20 | പി.എം. ഹോളോബ്രിക്ക്സ് | 8 |
| 46 | ജൻടെക്സ് ടെക്സ്റ്റൈൽസ് | 6 |
| 64 | ന്യൂ പവർ സ്കിൽ ഫർണിച്ചർ | 4 |
| 73 | പി.കെ.ബ്രിക്ക്സ് | 5 |
| 76 | മോഡേൺ ഹോളോബ്രിക്ക്സ് | 4 |
| 118 | പവർ ഡിറ്റർജന്റ് അലക്ക് സോപ്പ് നിർമ്മാണം, യൂണിറ്റ്-1 | 8 |
| 119 | പവർ ഡിറ്റർജന്റ് അലക്ക് സോപ്പ് നിർമ്മാണം, യൂണിറ്റ്-1 | 8 |
| 295 | സാഗർ പോളിക്രാഫ്റ്റ് - പ്ലാസ്റ്റിക്ക് വാട്ടർ ടാങ്ക് നിർമ്മാണം | 7 |

| | | |
|---|---|---|
| 301 | യമഹ ബൈക്ക് ഷോറൂം | രേഖപ്പെടുത്തിയിട്ടില്ല |

3. 78000 രൂപ അർദ്ധവാർഷിക വരുമാനമുള്ള കുടുംബശ്രീ അക്കൗണ്ടന്റ് ശ്രീമതി. ശോഭനയിൽ നിന്നും 2017-18 സാമ്പത്തിക വർഷം ആദ്യ പകുതിയിൽ 750 രൂപയ്ക്ക് പകരം 600 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 150.00 രൂപ കുറവായാണ് നികുതി ഈടാക്കിയിട്ടുള്ളത്.

4. 22800 രൂപ അർദ്ധവാർഷിക വരുമാനമുള്ള കടമ്പൂർ ക്ഷീര സംഘത്തിലെ ടെസ്റ്റർ ശ്രീമതി. സന്ധ്യയിൽ നിന്നും 2017-18 സാമ്പത്തിക വർഷം രണ്ടാം പകുതിയിൽ 180 രൂപയ്ക്ക് പകരം 120 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്, 60.00 രൂപ കുറവ്.

5. കടമ്പൂർ ഗവൺമെന്റ് എച്ച്.എസ്.എസ് ലെ 40 ഉദ്യോഗസ്ഥരിൽ 35 പേർ മാത്രമാണ് 2017-18 സാമ്പത്തിക വർഷം രണ്ടാം പകുതിയിലെ തൊഴിൽനികുതി ഒടുക്കിയിട്ടുള്ളത്. ശ്രീമതി. രമ.കെ, ശ്രീമതി.ബിസ്മി.പി.ആർ, ശ്രീമതി.ലത.കെ, ശ്രീമതി. ഉഷ.കെ, ശ്രീ. സനീഷ് കുമാർ.കെ എന്നീ അധ്യാപകർ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

6. അമ്പലപ്പാറ സപ്ലൈക്കോ ഡിപ്പോ 2017-18 സാമ്പത്തിക വർഷം രണ്ടാം പകുതിയിലെ സ്ഥാപനനികുതി അടവാക്കിയിട്ടില്ല.

7. ഒറ്റപ്പാലം സർവ്വീസ് സഹകരണ ബാങ്ക് 2017-18 സാമ്പത്തിക വർഷം രണ്ടാം പകുതിയിലെ സ്ഥാപനനികുതി അടവാക്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

8. എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത പഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള വിവിധ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

9. ഗ്രാമപഞ്ചായത്തു പരിധിയിലുള്ള താഴെ പറയുന്ന ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1 റേഷൻ കട വ്യാപാരികൾ

2 പഞ്ചായത്ത് പരിധിയിലെ ബിൽഡിംഗ് സൂപ്പർവൈസർമാർ

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/1.12.2018) തൊഴിൽ നികുതി ഈടാക്കുന്നതാണ്, അപാകതകൾ പരിഹരിക്കുന്നതാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ

അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു ഭരണം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)72/2017/ത.സ്വ.ഭ.വ.തിയതി 29.3.2017 പ്രകാരം സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾക്കൊണ്ട് പൗരാവകാശ രേഖ, സേവനാവകാശ നിയമം, അറിയാനുള്ള അവകാശം എന്നിവ പരിഗണിച്ച് കൊണ്ട് ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ ഗവേണൻസ് എന്നിവ ഇതിന്റെ ഭാഗമാക്കണം.

ഗ്രാമപഞ്ചായത്തിന്റെ പൊതുഭരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനു വേണ്ടി തൻവർഷത്തിൽ പ്രൊജക്റ്റ് ആവിഷ്കരിച്ച് തുക വകയിരുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു. പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടശേഷം ആറു മാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം (2004ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ). എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഓരോ വികസന മേഖലയിലേയും നേട്ടങ്ങളും കോട്ടങ്ങളും അവസ്ഥാ വിശകലനം നടത്തി വികസന മേഖലയിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ നിർവചിച്ച് പദ്ധതി ആസൂത്രണ നിർവഹണ നടപടികളുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം എന്നും അതിൻപ്രകാരം മാത്രം പദ്ധതികൾ ആവിഷ്കക്കരിക്കണം എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ(എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

- പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.
- ഓഫീസ് സംവിധാനത്തിൻെറയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പുവരുത്തുക.
- സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പുവരുത്തുക.
- ജനാഭിലാഷം വിശകലന വിധേയമാക്കി സേവനപ്രധാന സംവിധാനം തുടർച്ചയായി മെച്ചപ്പെടുത്തുക
- ഓഫീസ് സംവിധാനവും, ഭരണ സംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും നിലനിർത്തുകയും ചെയ്യുക.
- പശ്ചാത്തല സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും നിലവാരം നിർണ്ണയിക്കുകയും നില നിർത്തുകയും ചെയ്യുക.
- പ്രകൃതി സംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആയി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.
- സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യ-സാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പുവരുത്തുന്ന രീതിയിൽ സേവനപ്രദാന സംവിധാനം ഏർപ്പെടുത്തുക.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 3-2 തെരുവു വിളക്കു റിപ്പയർ -രേഖകൾ ഇല്ലാതെ തുക അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

തെരുവ് വിളക്കുകളുടെ റിപ്പയറിനായി ശ്രീ. വി.സുരേഷ്ബാബു, ഇലക്ട്രിക്കൽ കോൺട്രാക്ടർ (ലൈസൻസ് നം.K/EL/C/1/2014-15) എന്ന വ്യക്തിയുമായി 3.10.16ന്

വാർഷിക കരാറിൽ (നം. രേഖപ്പെടുത്തിയിട്ടില്ല) ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരമുള്ള നിരക്ക് താഴെ പറയും പ്രകാരമാണ്.

| ഇനം | എണ്ണം | നിരക്ക്/എണ്ണം |
|---|---|---|
| 80 വാട്ട്സ് ഡബിൾ ട്യൂബ് | 14 | 725 |
| 20 വാട്ട്സ് സി.എഫ്.എൽ. | 845 | 820 |
| 22 വാട്ട്സ് സി.എഫ്.എൽ. | 210 | 850 |
| 250 വാട്ട്സ് സോഡിയം വേപ്പർ ലാമ്പ് | 18 | 2980 |

കരാറിന്റെ കാലാവധി 3.10.16 മുതൽ 2.10.17 വരെയാണ്. തനത് ഫണ്ടിൽ നിന്നും കരാറുകാരന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നം./തിയതി | തുക |
|---|---|
| 21700451/17.7.17 | 233792 |
| 21700647/11.10.17 | 233797 |
| 21701125/16.3.18 | 233798 |
| ആകെ | 701387 |

ഗ്രാമപഞ്ചായത്ത് കരാറുകാരനുമായി ഏർപ്പെട്ട എഗ്രിമെന്റ് പ്രകാരം 3 മാസത്തിലൊരിക്കൽ ബിൽ സമർപ്പിക്കുമ്പോൾ മെമ്പർമാരുടെയും മോണിറ്ററിംഗ് സമിതി അംഗങ്ങളുടെയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിക്കാവുന്നതാണ്.

പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

- കരാറുകാരൻ റിപ്പയർ ചെയ്തതിന്റെ ബിൽ സമർപ്പിച്ചിട്ടില്ല. റിപ്പയർ പ്രവൃത്തി പൂർത്തീകരിച്ചതിനാൽ തുക അനുവദിച്ച തരണം എന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. KSEB അധികൃതരും വാർഡ് മെമ്പർമാരും ഹാജരാക്കിയ സാക്ഷ്യപത്രങ്ങൾ പ്രകാരവും AMC പരിധിയിൽപ്പെട്ട എല്ലാ തെരുവു വിളക്കുകളും റിപ്പയർ ചെയ്തു എന്നാണ് ഉള്ളത്. ഏതെല്ലാം വാർഡുകളിൽ എത്ര തെരുവു വിളക്കുകൾ വീതമാണ് റിപ്പയർ ചെയ്തത് എന്നുള്ള വിവരം ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ എത്ര തെരുവു വിളക്കുകൾ റിപ്പയർ ചെയ്തു എന്നുള്ള വിവരം

ലഭ്യമല്ല.

- തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി പറഞ്ഞിട്ടുണ്ടെങ്കിലും വാങ്ങിയ സാധനങ്ങളുടെ യഥാർത്ഥ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. യഥാർത്ഥ ബിൽ ഹാജരാക്കാത്തതിനാൽ ഗുണനിലവാരമുള്ള വിളക്കുകളും സ്പെയർ പാർട്സുകളുമാണ് കരാറുകാരൻ ഉപയോഗിച്ചിട്ടുള്ളത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

- എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെട്ട വ്യക്തികളുടെ ഫോൺ നമ്പർ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭ്യമാകുന്ന പരാതികളുടെ സമയം, തിയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നം. ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അതിനാൽ റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണത്തിന് അനുസൃതമായാണോ ചാർജ്ജ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/1.12.2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക ₹.701387 തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരം അമ്പലപ്പാറ സെക്ഷനു കീഴിൽ 14 - 80 വാട്ട്സ് ഡബിൾ ട്യൂബുകളും, 845 - 20 വാട്ട്സ് സി.എഫ്.എല്ലുകളും 210- 22 വാട്ട്സ് സി.എഫ്.എല്ലുകളും, 18 -250വാട്ട് സോഡിയം വേപ്പർ ലാമ്പുകളും 253 -എൽ.ഇ.ഡി. ലാമ്പുകളും നിലവിലുണ്ട്. നിലവിൽ എത്ര വിളക്കുകൾക്കാണ് മീറ്ററിംഗ് ഏർപ്പെടുത്തിയിരിക്കുന്നത്, എത്ര ലാമ്പുകൾ മീറ്ററിനു കീഴിൽ കൊണ്ടു വരാനുണ്ട് എന്നതിന് കണക്കില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഏകദേശം ₹.637107/- രൂപ പ്രതിവർഷം പഞ്ചായത്ത് ഒടുക്കുന്നുണ്ട്. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി

ബോർഡ് സമർപ്പിക്കുന്ന ബിൽ പ്രകാരമാണ്. തെരുവു വിളക്കുകളുടെ കറന്റ് ചാർജ് സംബന്ധിച്ച് KSEB സമർപ്പിക്കുന്ന ഇൻവോയ്സ് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. അതിനാൽ എത്ര വിളക്കുകൾക്ക് ഏതെല്ലാം നിരക്കിലാണ് ചാർജ്ജ് ഒടുക്കുന്നത് എന്ന വിവരം ലഭ്യമല്ല. തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിക്കുവാനായി ഗ്രാമപഞ്ചായത്ത് KSEBയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- തെരുവ് വിളക്കുകളുടെ രജിസ്റ്റർ പൂർണ്ണമല്ല. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്.
- വൈദ്യുതി ബോർഡിൽ നിന്നും കൃത്യമായ കണക്കുകൾ ലഭ്യമാക്കി ആവശ്യത്തിലധികം വൈദ്യുതി ചാർജ്ജ് അടവാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/1.12.2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾ പരിഹരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-4 ഡെപ്പോസിറ്റ് പ്രവൃത്തികൾ-വിനിയോഗ

## സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ഡെപ്പോസിറ്റ് തുക | ബിൽ നം./ വൗച്ചർ നം.& തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 165/18-തെരുവ് വിളക്ക് പുതിയ ലൈൻ സ്ഥാപിക്കൽ | 2000000 | 1946800 | 17/15.2.18 | എക്സി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ഷൊർണ്ണൂർ |
| 2 | 24/18-സമ്പൂർണ്ണ വൈദ്യുതീ കരണം | 100000 | 100000 | 3/28.9.17 | എക്സി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ഷൊർണ്ണൂർ |
| 3 | 373/18-ഇട്ടിയിൽകുന്ന് കുടിവെള്ള പദ്ധതി വൈദ്യുതി കണക്ഷൻ | 21650 | 21650 | 51701034/ 20.2.18 ചെക്ക് നം.154758/ 20.2.18 | അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, അമ്പലപ്പാറ |

ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 3-5 ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്.

(1) പിഷാരത്ത്കുണ്ട് കോളനി റോഡ് കോൺക്രീറ്റ്

ജില്ലാ കളക്ടറുടെ നടപടി ക്രമം നം. F.14080/16(3) തിയതി, 10.11.17

ചെലവ് - ₹.495000/- (ട്രഷറി ബിൽ നം. 12/30.1.18 )
കൺവീനർ-രവീന്ദ്രൻ.പി.
എഗ്രിമെന്റ് നമ്പർ-6/16-17/SEC/AMB/4.3.17.

(2) പിഷാരത്ത്കുണ്ട് കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ & കോൺക്രീറ്റ്

ജില്ലാ കളക്ടറുടെ നടപടി ക്രമം നം. F.14080/16(4) തിയതി, 21.11.17

ചെലവ് -₹.495000/- (ട്രഷറി ബിൽ നം. 13/30.1.18 )
കൺവീനർ-ഹരിദാസൻ.പി.
എഗ്രിമെന്റ് നമ്പർ-67/16-17/SEC/AMB/31.5.17.

(3) മുതലയാറക്കാവ് ഭഗവതി ക്ഷേത്രം റോഡ്

ജില്ലാ കളക്ടറുടെ നടപടി ക്രമം നം. J7-2012/81629/9തിയതി, 14.10.12

ചെലവ് -₹. 498119/- (ട്രഷറി ബിൽ നം. 14/30.1.18 )
കൺവീനർ-പി.പി.രവീന്ദ്രൻ.
എഗ്രിമെന്റ് നമ്പർ-9//SEC/LSGD/AMB/12-13/2.1.2013.

മൂന്ന് പ്രവൃത്തികളും ഗുണഭോക്തൃ സമിതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കുലർ നം.ഡി.ബി. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തിയതി, 13.11.2014 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ക്രമനം. (1), (2) എന്നീ പ്രവൃത്തികളിൽ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. സൈറ്റ് ഹാൻഡ്ഓവർ ചെയ്തതിന്റെ വിശദാംശങ്ങൾ ഇല്ല. കൺവീനറുടെയും ചെയർമാന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി പണമിടപാട് നടത്തണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം ചെയ്തിട്ടില്ല. സിമന്റ്,കമ്പി,ബിറ്റുമിൻ തുടങ്ങിയ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ.അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്. സിമന്റ് വാങ്ങിയ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ രേഖകളില്ലാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്

ക്രമ നം.(3) എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. ഗുണഭോക്തൃ

സമിതി മിനട്സ്, വരവു ചെലവു കണക്കുകൾ ഇല്ല. ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/1.12.2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം/രേഖകളുടെ അഭാവത്തിൽ ₹.1488119/- രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 മുട്ടിപ്പാലം പൊതു ജന വായനശാല നവീകരണം -ഫയൽ ഹാജരാക്കിയില്ല

വൗച്ചർ നം.217001649/12.10.17--₹.300000/-

നടപടി ക്രമം നം. RD4.1219/2012/16.2.15

MLA Fund ഉപയോഗിച്ച് മുട്ടിപ്പാലം പൊതു ജന വായനശാല എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി ₹.300000/- ചെക്ക് നം. 1803410/12.10.17(Treasury SB Account) പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ, ചെലവു രേഖകൾ, വിനിയോഗ സാക്ഷ്യപത്രം, മറ്റനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 6/30.11.2018) രേഖകൾ ഹാജരാക്കുന്നതു വരെ ₹300000/- ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പശുകുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി പ്രൊജക്റ്റ് നം. S0019/18 പ്രകാരം 12,50,000/- രൂപ അടങ്കലായി വകയിരുത്തുകയും 2,43,750.00 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

| | |
|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 3,12,500/- |
| സംസ്ഥാനാവിഷ്കൃത പരിപാടി | 3,12,500/- |
| ഗുണഭോക്തൃ വിഹിതം | 6,25,000/- |
| ആകെ അടങ്കൽ | 12,50,000/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 4/17-18/30/01/2018 | 2,43,750/- |

തെരഞ്ഞെടുത്ത 39 ഗുണഭോക്താക്കൾക്കുള്ള പദ്ധതിക്കുള്ള ഗ്രാമ പഞ്ചായത്തിന്റെ വിഹിതത്തിൽ നിന്നും 2,43,750/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട്.

പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പായ മൃഗംരക്ഷണവും, ക്ഷീരവികസനവും നിർവ്വഹിച്ച മോണിറ്ററിംഗ് റിപ്പോർട്ടും, പദ്ധതി പൂർത്തീകരണ റിപ്പോർട്ടും, ധനവിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ആയത് പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

# 3-8 ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്റ്റ് നം.SO148/18 പ്രകാരം പട്ടിക ജാതിക്കാർക്കായുള്ള പി.എം.എ.വൈ അധിക വിഹിതം ഒറ്റപ്പാലം ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർക്ക് നല്കുന്നതിന് വികസന ഫണ്ടിൽ നിന്നും അടങ്കലായി 75,000/- രൂപ വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തീയ്യതി | ചെലവ് |
|---|---|
| 5/17-18/16/02/2018 | 50,000/- |

പ്രസ്തുത തുക NEFT മുഖേന ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തതിനുള്ള ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് സമർപ്പിക്കുവാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

# 3-9 ഇൻവോയ്സിലെ രേഖപ്പെടുത്തലുകൾ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല

മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി 50,000/- രൂപ (എം.ജി. ഹോൺ റോഡ്) അടങ്കലായി വകയിരുത്തി പ്രൊജക്റ്റ് നം.S0017/18 പ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./ തീയ്യതി | ചെലവ് |
|---|---|
| 5/17-18/30/01/2018 | 50,000/- |

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

മരുന്നുകൾ വാങ്ങുവാനായി ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കുകയും സമർപ്പിക്കപ്പെട്ടവയിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ക്യൂർ & കെയർ ഏജൻസീസ് സമർപ്പിച്ച ടെണ്ടർ സ്വീകരിച്ചിട്ടുമുണ്ട്. ക്യൂർ & കെയർ ഏജൻസീസ്, കൽപ്പാത്തി, പാലക്കാട് എന്ന സ്ഥാപനത്തിന് 50,000/- രൂപ NEFT മുഖേന അക്കൗണ്ട് നം. 50200012144867 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.പ്രസ്തുത സ്ഥാപനം ഇൻവോയ്സ് നം. A016241/25/01/2018 പ്രകാരം 6 ഇൻജക്ഷൻ ബ്രസെറൈലിൻ വെറ്റ 10 എം.എൽ എന്ന മരുന്ന് വിതരണം ചെയ്തതിൽ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം.21 ൽ 10 എം.എൽ * 10 എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവ തമ്മിലുള്ള പൊരുത്തക്കേടുകൾക്കുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാൻ വെറ്ററിനറി സർജനോട് ആവശ്യപ്പെട്ടിരുന്നു. (അന്വേഷണ നം.12 തീയ്യതി 3.12.2018). അപാകം പുന:പരിശോധിച്ച് യഥാവിധ രേഖപ്പെടുത്തലുകളോട് കൂടി സ്റ്റോക്ക് രജിസ്റ്റർ സമർപ്പിക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. അപാകതകൾ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 എൻ.ആർ.ഇ.ജി.എസ്.- അവലോകനം

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൻ കീഴിൽ വൈവിധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തോട്, കനാൽ എന്നിവ വൃത്തിയാക്കലും മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ഭൂവികസനവും തരിശു ഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തികളും കുടിവെള്ള ക്ഷാമം പരിഹരിക്കാനായി കിണർ, കുളം എന്നിവയുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം 6,39,058.00 രൂപ ചെലവഴിച്ച് 14,88,920.00 രൂപ ചെലവഴിച്ച് 40 കിണറുകളും 19 കുളങ്ങളും നിർമ്മിച്ച നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ 28 കിണറുകളും 19 കുളങ്ങളും ജലസമൃദ്ധമാണെന്നത് അഭിനന്ദനാർഹമാണ്. 5420.00 രൂപ ചെലവഴിച്ച് 20 കിണർ റീചാർജ്ജിംഗ് പ്രവൃത്തികളും നിർവഹിച്ചിട്ടുണ്ട്. കിണർ നിർമിച്ചതിന്റെ ഫോട്ടോ ചേർക്കുന്നു.



## 3-11 ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടുത്തി പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്റ്റ് നം. 371/18 പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തി ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ടം പണി പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം എന്ന പദ്ധതിക്കായി 8,00,800/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അടങ്കലിന്റെ വിശദാംശങ്ങൾ :

| | |
|---|---|
| വികസന ഫണ്ട് | 7,00,509/- |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1,00,291/- |
| ആകെ | 8,00,800/- |

പ്രൊജക്റ്റിന്റെ ചെലവ് വിവരങ്ങൾ :

| ബിൽ നം. / തീയ്യതി | ചെലവ് |
|---|---|
| 1/17-18/15/02/2018 | 1,16,000/- |

| | |
|---|---|
| 6/17-18/28/02/2018 | 40,000/- |
| 7/17-18/12/03/2018 | 1,00,000/- |
| 9/17-18/12/03/2018 | 90,000/- |
| 12/17-18/14/03/2018 | 40,000/- |
| 13/17-18/22/03/2018 | 50,000/- |
| 17/17-18/27/03/2018 | 40,800/- |
| ആകെ | 4,76,800/- |

31.03.2016 വരെ സ്പിലോവറായി തുടർന്ന് വരുന്ന വിവിധ ഭവന നിർമ്മാണ പ്രൊജക്ടുകൾ പ്രകാരം നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ക്രോഡീകരിച്ച ലിസ്റ്റ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെട്ടു :

ലൈഫ് ഫേസ് - 1 എന്ന പദ്ധതിയിൽ 9 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 3 പേർ പദ്ധതി വിഹിതം ഉപയോഗിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സന്നദ്ധരല്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഇവരുടെ വിശദവിവരം താഴെ ചേർക്കുന്നു :

2010-2011

| വാർഡ് | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | ഗുണഭോക്താവിന് ലഭ്യമാക്കിയ തുക |
|---|---|---|---|
| 11 | ബാവ, സിത്തടി, ചെറുമുണ്ടശ്ശേരി, | 75,000/- | 60,000 /- |
| 11 | നബീസ, പാലത്തിങ്കൽ, അമ്പലപ്പാറ. | 75,000/- | 60,000 /- |
| 13 | കൃഷ്ണൻകുട്ടി, പണ്ടാരപറമ്പിൽ, ചുനങ്ങാട്. | 75,000/- | 60,000 /- |

മേൽ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കി തുക അനുവദിച്ച് ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിശദംശങ്ങൾ ഓഡിറ്റിന്

സമർപ്പിക്കേണ്ടതാണ്.

# 3-12 മരാമത്ത് പ്രവൃത്തിയിൽ പിഴ ഈടാക്കിയതിൽ കുറവ് വന്ന തുക ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അടവാക്കി

താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | SO 155/18- അത്തിക്കുണ്ട് കിണർ റിപ്പയർ |
| അടങ്കൽ, ഫണ്ട് ഇനം | 160000, (MG NR) |
| എഗ്രിമെന്റ് നം,തീയ്യതി | No. 110/15-16/AE/AMB/LSGD/ 1-9-2015 |
| കരാറുകാരൻ | മണികണ്ഠൻ |
| പ്രവൃത്തി മൂല്യം | 140723 |
| എം.ബുക്ക് | 6-235/15-16 |
| ബിൽ നം.തീയ്യതി, തുക | 136558 |
| എഗ്രീഡ് പി.എ.സി | 158871 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 25-3-2016 |
| പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി | 27-3-2017 |

മേല്പറഞ്ഞ പ്രവൃത്തിയിൽ പൂർത്തീകരണം വൈകിയതിനാൽ ഈടാക്കിയ പിഴയിൽ 6959.00 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 8/1-12-2017 നൽകുകയും ആയതിൽ പരാമർശിച്ചിട്ടുള്ള പിഴയിൽ കുറവ് വന്നിട്ടുള്ള തുക 6959.00രൂപ രസീതി നം. 118080107148/5-12-2018 പ്രകാരം പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടു. മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക അനുവദിക്കുമ്പോൾ കൃത്യത പരിശോധിക്കേണ്ടതാണ്.

## 3-13 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) ഉപയോഗിച്ച് പ്രവൃത്തി ചെയ്ത കെട്ടിടം പഞ്ചായത്തിന് കൈമാറിക്കിട്ടിയതാണോ എന്ന് വ്യക്തമല്ല. ചെലവ് തുക 131493രൂ. തടസ്സത്തിൽ വെയ്ക്കുന്നു

വേങ്ങശ്ശേരി മഹിളാ സമാജം കെട്ടിടം നവീകരണം എന്ന പ്രവൃത്തിക്ക് ട്രഷറി ബിൽ നം. 82/ 2017-18 തിയതി, 21.10.2017 പ്രകാരം 131493 രൂപ ശ്രീ. ശിവപ്രസാദ് എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്ത് തുക നൽകിയിരിക്കുന്നത്. ടി കെട്ടിടം കൈമാറി കിട്ടിയതാണോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 8/1-12-2017 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടം കൈമാറി കിട്ടിയതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് വ്യക്തമാക്കുന്ന രേഖകളൊന്നും പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണവുമാണ്. ആയതിനാൽ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 മരാമത്ത് പ്രവൃത്തികൾ-രേഖകളുടെയും റജിസ്റ്ററുകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച്

താഴെപ്പറയുന്ന റജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

----- കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയത് സംബന്ധിച്ച എഗ്രിമെന്റ് റജിസ്റ്റർ

----- ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് റജിസ്റ്റർ

------എം.ബുക്ക് സ്റ്റോക്ക് റജിസ്റ്റർ

-------റോഡ് റജിസ്റ്റർ

കൂടാതെ ടെണ്ടർ ഫോം റജിസ്റ്ററിൽ പ്രവൃത്തികളുടെ പേരുകൾ മാത്രമാണ് എഴുതിയിട്ടുള്ളത്. ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫോമുകൾ നൽകപ്പെട്ടവരുടെ പേര് വിവരങ്ങൾ എഴുതിയിട്ടില്ല. തൻവർഷം 180പ്രവൃത്തികളുടെ ടെണ്ടർ നടന്നതിൽ വെറും 27പ്രവൃത്തികളുടെ പേര് മാത്രമേ ടെണ്ടർ ഫോം റജിസ്ററിൽ ചേർത്തിട്ടുള്ളൂ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/ 3-12-2018ന് ലഭ്യമാക്കിയ മറുപടിയിൽ ജോലിത്തിരിക്ക് കാരണം ടി റജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കാൻ സാധിച്ചിട്ടില്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ

ഭരണസമിതി ഇക്കാര്യങ്ങൾ ശ്രദ്ധിക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ഇടപെടേണ്ടതാണ്.

## 3-15 ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ വളരെ കുറഞ്ഞ തുകകൾക്ക് അറ്റകുറ്റപ്രവൃത്തികൾ നടത്തിയിരിക്കുന്നു

സർക്കാർ ഉത്തരവ് നം. 80/2017, ത.സ്വ.ഭ.വ, തീയ്യതി 3-4-2017പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഖണ്ഡിക 15(2) പ്രകാരം ഗുണഭോക്തൃസമിതികളെ നടത്തിപ്പ് ചുമതല ഏൽപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ 50000രൂപയ്ക്ക് മുകളിൽ വരുന്ന അറ്റകുറ്റപ്പണികൾ മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാവൂ. എന്നാൽ താഴെപ്പറയുന്ന അറ്റകുറ്റപ്പണിയിൽ ഇതിൽ നിന്നും വ്യത്യസ്തമായി നിർവ്വഹണം നടത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ നം., പേര് | SO 28/18-അമ്പലപ്പാറ ഷാപ്പ് പടി കുഴൽക്കിണർ റിപ്പയർ |
| അടങ്കൽ, ഫണ്ടിനം | 15000, (MG- NR) |
| ബിൽ നം, തുക | നം. 51/17-18,തീ. 30-6-2017, 15000രൂ. |
| കോൺട്രാക്ടർ | കെ.രാമകൃഷ്ണൻ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/1-12-2018 ന് ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ മൂലം ഇപ്രകാരം സംഭവിച്ചതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 പൊതുടാപ്പുകൾ കുറവു ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലുള്ള 281 പൊതുടാപ്പുകൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ രതിമാസം ₹.122938/- ഒടുക്കുന്നുണ്ട്. (ടാപ്പൊന്നിന് പ്രതിവർഷം 5250/- പ്രകാരം). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച വാർഡ് തിരിച്ചുള്ള കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി സംയുക്ത

പരിശോധന നടത്തിയിട്ടില്ല. ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി പൊതുടാപ്പുകൾ നിർത്തലാക്കുന്ന നടപടി സ്വീകരിച്ചിട്ടില്ല. പൊതു ടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ചും ഗാർഹിക കണക്ഷനുകൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/1.12.2018ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് ഗാർഹിക കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കുന്ന രീതിയിൽ പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-17 മാലിന്യസംസ്കരണം പദ്ധതികൾ നടപ്പിലാക്കിയില്ല

പഞ്ചായത്ത് പരിധിയിലുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ നിർമാർജ്ജന സാധ്യതകൾ എന്നിവ സംബന്ധിച്ച പഠനം നടത്തി മാലിന്യസംസ്കരണം, നിർമാർജ്ജനം എന്നിവയ്ക്കായി പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം മാലിന്യ സംസ്കരണം എന്നത് സ്ഥാപനത്തിന്റെ അനിവാര്യ ചുമതലകളിൽ ഒന്നാണ്.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം ആവിഷ്കരിച്ച മാലിന്യസംസ്കരണം എന്ന പ്രോജക്റ്റ് (നം.189) പ്രകാരം 350000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ടെണ്ടർ എടുക്കുവാൻ ആരും തന്നെ സന്നദ്ധരാവാത്തതിനാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടു.

പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഒന്നായ ഖരദ്രവമാലിന്യ നിർമാർജ്ജനത്തിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ ഈ വിഷയം ചർച്ച ചെയ്തതിന്റെ രേഖപ്പെടുത്തൽ

ഒന്നും തന്നെയില്ല. പദ്ധതി അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്.

നിർവഹണ ഉദ്യോഗസ്ഥൻ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി, മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട ശുചിത്വം, മാലിന്യ സംസ്കരണം വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം ശരിയായരീതിയിൽ നിർവഹിച്ച് പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും പ്രോജക്ടുകൾ ഉദ്ദേശലക്ഷ്യം കൈവരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

മാലിന്യ സംസ്കരണ പ്രൊജക്ടുകൾ 'ഹരിത കേരളം' മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കുന്ന രീതിയിൽ ആവിഷ്കരിക്കേണ്ടതും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുകയും അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണവിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതാണ്.

2016ലെ പ്ലാസ്റ്റിക് മാനേജ്മെന്റ് ചട്ടങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-18 സാന്ത്വന പരിചരണ പദ്ധതി - അവലോകനം

2017-18 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് കെയർ പരിരക്ഷക്കായി വികസനഫണ്ട് പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തി 5,00,000.00 രൂപ അടങ്കലായി വകയിരുത്തി മെഡിക്കൽ ഓഫീസർ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ:

| ബിൽ നമ്പർ/തീയതി | ചെലവ് |
|---|---|
| 1/17-18/28.9.2017 | 92,666.00 |
| 3/17-18/23.1.2018 | 75,000.00 |
| 4/17-18/23.1.2018 | 1,54,777.00 |
| 5/17-18/16.2.2018 | 33,050.00 |
| 6/17-18/23.3.2018 | 48,785.00 |

| | |
|---|---|
| 7/17-18/23.3.2018 | 47,616.00 |
| 8/17-18/26.3.2018 | 48,055.00 |
| ആകെ | 4,99,949.00 |

ഗുരുതരമായ രോഗബാധിതർക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ) നംപർ 3217/2015 ത.സ്വ.ഭ.വ തീയതി 29.10.2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. രോഗബാധിതരുടെ വീടുകൾ സന്ദർശിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഹോംകെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം.

പഞ്ചായത്തിന്റെ പരിധിയിലുള്ള 18 മുതൽ 20 വരെയുള്ള വാർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികൾക്ക് പാലിയേറ്റീവ് കെയർ സാന്ത്വന പരിചരണം നൽകി വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 'പരിരക്ഷ' എന്ന പേരിൽ പ്രവർത്തിച്ച് വരുന്ന പാലിയേറ്റീവ് കെയർ യൂണിറ്റിൽ 2017-18 സാമ്പത്തിക വർഷത്തിൽ 320 രോഗികൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനായി കസ്റ്റോഡിയൻ ഓഫീസറായ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച് കൊടുത്ത ആംബുലൻസാണ്(KL51F9503) നിലവിൽ ഉപയോഗിച്ച് വരുന്നത്. ദിവസ വേതന അടിസ്ഥാനത്തിൽ പാലിയേറ്റീവ് ഡ്രൈവർക്ക് 685/- രൂപ നൽകുന്നുണ്ട്. പാലിയേറ്റീവ് നേഴ്സിന് 15,000/- രൂപ പ്രതിമാസ ശമ്പളമായി നൽകി വരുന്നുണ്ട്. രോഗികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ, മരുന്നുകൾ എന്നിവ നൽകി വരുന്നു.

വിവിധ പ്രവർത്തനങ്ങൾ

ഹോം കെയർ മാനേജ്മെന്റ് കമ്മിറ്റി

മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 6 മാസത്തിൽ ഒരിക്കൽ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി കൂടാറുണ്ട്.

പാലിയേറ്റീവ് കെയർ റിവ്യൂ മിറ്റിംഗ്

2 മാസം ഇടവിട്ട് പാലിയേറ്റീവ് റിവ്യൂ മീറ്റിംഗ് നടത്താറുണ്ട്.മീറ്റിംഗിൽ എല്ലാവരും പങ്കെടുക്കാറുണ്ട്.

ഹോം കെയർ

ഒരു മാസത്തിൽ 16 ഹോം കെയർ നടത്തുന്നുണ്ട്.ഹോം കെയർ രാവിലെ 9.30 ക്ക് ശേഷം തുടങ്ങി 4.30 മണി വരെ രോഗികൾക്ക് കെയർ കൊടുക്കാറുണ്ട്.

ഹോം കെർ ടീം അംഗങ്ങൾ

20 മെമ്പർമാരും, 15 ആരോഗ്യപ്രവർത്തകരുടേയും, 30 വളണ്ടിയർമാരുടേയും, 200 ആശാവർക്കർമാരുടേയും പങ്കാളിത്തത്തോടെയാണ് ഹോം കെയർ നടത്തി വരുന്നത്. വാർഡ് 1 മുതൽ 20 വരെ ഓരോ തീയ്യതികളിൽ ഹോം കെയർ നടത്തി 14 രോഗികളെ ടീം സന്ദർശിക്കാറുണ്ട്.2017-18 സാമ്പത്തിക വർഷത്തിൽ 268 രോഗികൾക്ക് ഹോം കെയർ ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1 പാലിയേറ്റീവ്കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ്കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2 മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതോടൊപ്പം രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

3 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയായ ജി.ഓ(ആർ.ടി)3217/2015 തയസ്വ.ഭ.വ. തീയതി 29.10.2015 ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

4 ആവശ്യകത വിലയിരുത്തി മാത്രം തുക വകയിരുത്തേണ്ടതും ആയതിൽ നിന്ന് പരമാവധി തുക ചെലവഴിക്കേണ്ടതുമാണ്.

# 3-19 അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടു

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന പദ്ധതികൾ ഉപേക്ഷിച്ചു :

I)2016-17 സാമ്പത്തിക വർഷത്തിൽ മാലിന്യ സംസ്കരണം എന്ന പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുകയും 2017-18ൽ സ്പിൽ ഓവറായി തുടരുകയും ചെയ്ത SO189/18 എന്ന പ്രൊജക്റ്റിന്റെ വിവരം:

| | |
|---|---|
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 1,31,547/- |

| | |
|---|---|
| തനത് ഫണ്ട് | 2,18,453/- |
| ആകെ | 3,50,000/- |

മാലിന്യ സംസ്കരണ പദ്ധതിയിലൂടെ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മലിന്യങ്ങൾ ശേഖരിച്ച് തരം തിരിച്ച് സംസ്കരണ സ്ഥലത്തിലേക്ക് കയറ്റി അയക്കുന്നതിലൂടെ മാലിന്യ മുക്ത പഞ്ചായത്താക്കുന്നതാണ് പദ്ധതി ലക്ഷ്യം.ആയതിന്റെ പ്രാരംഭ നടപടികളുടെ ഭാഗമായി 2.2.2017 മുതൽ 4.2.2017 കാലയളവിൽ 20വാർഡുകളിലെ ഗ്രാമ സഭകളേയും വിളിച്ചതിന്റെ അടിസ്ഥാനത്തിൽ 16.2.2017 ന് ടെണ്ടർ വിളിക്കുവാനുള്ള പരസ്യം നല്കുകയും ചെയ്തിരുന്നു. 7.3.2017ൽ ടെണ്ടർ നടപടികൾ നടത്തിയെങ്കിലും ടെണ്ടർ എടുക്കുവാൻ ആരും തന്നെ സന്നദ്ധരായില്ലായെന്നും, ആയതിനാൽ പദ്ധതി ഉപേക്ഷിക്കപ്പെട്ടുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിക്കുകയുണ്ടായി.

<u>ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിലയിരുത്തൽ</u>

7.4.2017 ന് കൂടിയ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന നം. 6(1) പ്രകാരംം പദ്ധതിയെ കുറിച്ച് ചർച്ച ചെയ്യുകയും 2017-18 ൽ സ്പിൽ ഓവറായി തുടരുവാൻ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ll)2017-18ൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്റ്റ് നം. S0169/18 എന്ന ഷീ-ടാക്സി പദ്ധതിക്ക് പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും 12,00,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രാമസഭയിൽ നിന്നും 11 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. 2017-18ലെ സബ്സിഡി മാർഗ്ഗരേഖയിൽ (3.04.2017ലെ സ.ഉ.(എം.എസ്.)80/2017ത.സ്വ.ഭ.വ) വ്യവസ്ഥ ചെയ്ത പ്രകാരം ഇവരുടെ കൈവശം ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് എന്നിവ ഇല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിക്കേണ്ടതായ സഹചര്യം സൃഷ്ടിക്കപ്പെട്ടുവെന്ന് വി.ഇ.ഒ. രേഖാ മൂലം വിശദീകരിച്ചിട്ടുണ്ട്.(1.12.2018ലെ അന്വേഷണ നം.10)

<u>ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിലയിരുത്തൽ</u>

23.05.2017 ലെ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(1) -ാം നമ്പർ തീരുമാന പ്രകാരം ഷീ-ടാക്സി പദ്ധതി പഞ്ചായത്ത് കമ്മിറ്റിക്ക് അംഗീകാരത്തിനായി ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു. അനന്തര നടപടികളുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് പദ്ധതി കൈമാറുകയും ചെയ്തു.

III)2017-18 ൽ പ്രൊജക്റ്റ് നം.SO151/18 പ്രകാരം പൊതു വിഭാഗത്തിൽ ഉൾപ്പെട്ട ബയോ ഗ്യാസ് പ്ലാന്റ് എന്ന പദ്ധതിക്കായി 10,50,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.വിശദവിവരങ്ങൾ :

| | |
|---|---|
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 3,41,500/- |
| തനത് ഫണ്ട് | 1,58,500/- |
| ഗുണഭോക്തൃ വിഹിതം | 5,50,000/- |
| ആകെ | 10,50,00/- |

പദ്ധതിയിലേക്കായി തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റിൽ 33 പേരാണ് ഉൾപ്പെട്ടിരുന്നത്. 6.01.2018 ലെ ഗുണഭോക്തൃ മീറ്റിംഗിൽ 17 പേർ പങ്കെടുത്തിരുന്നു. 3.04.2017 ലെ സ.ഉ.(എം.എസ്.)80/2017ത.സ്വ.ഭ.വ എന്ന മാർഗ്ഗരേഖ പ്രകാരം പരമാവധി സബ്സിഡി നൽകാവുന്നത് 5,000/- രൂപയാണ്.ബാക്കി തുകയായ 5,500/- രൂപ ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കൾ അടയ്ക്കേണ്ടതാണ്.പ്രസ്തുത വിഹിതം അടവാക്കി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാൻ ആരും തയ്യാറായിരുന്നില്ലായെന്നും, പഞ്ചായത്ത് ഭരണസമിതി 13/04/2018 ലെ തീരുമാന പ്രകാരം പദ്ധതി നിർവ്വഹണം ഒഴിവാക്കുവാൻ തീരുമാനിച്ചതായി രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്. ( 1.12.2018ലെ അന്വേഷണ നം.10).

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിലയിരുത്തൽ

23.01.2018 ലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(5) - ാം നമ്പർ തീരുമാന പ്രകാരം നേരിട്ടുള്ള നിർവ്വഹണം എന്നത് മാറ്റി IRTC മുണ്ടൂർ എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ബയോ ഗ്യാസ് പ്ലാന്റ് വാങ്ങുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

IV)2017-18 ൽ പ്രൊജക്റ്റ് നം.SO154/18 പ്രകാരം സ്കൂളുകൾക്ക് ബയോഗ്യാസ് പ്ലാന്റ് എന്ന പദ്ധതിക്ക് 24,30,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.വിശദവിവരങ്ങൾ :

| | |
|---|---|
| വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) | 9,85,00/- |
| ഗുണഭോക്തൃ വിഹിതം | 1,44,500/- |

| | |
|---|---|
| ആകെ | 2,43,000/- |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 5.01.2018 ൽ നടന്ന ഗുണഭോക്തൃ മീറ്റിംഗിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള 18 സ്കൂളുകളിൽ 13 സ്കൂളിലെ പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്.ഇവർ ഗുണഭോക്തൃ വിഹിതമായി 50% തുക അടവാക്കി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാൻ തയ്യാറായിരുന്നില്ലായെന്നും, ഭരണസമിതിയുടെ 13.04.2018 ലെ നമ്പർ തീരുമാന നം. 2/2 പ്രകാരം പദ്ധതി ഉപേക്ഷിക്കേണ്ടതായ സാഹചര്യം സംജാതമായി എന്നും വി.ഇ.ഒ. രേഖാമൂലം വിശദീകരിക്കുകയുണ്ടായി( 1.12.2018അന്വേഷണ നം.10).

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വിലയിരുത്തൽ

23.01.2018 ലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(5) - ാം നമ്പർ തീരുമാന പ്രകാരം നേരിട്ടുള്ള നിർവ്വഹണം എന്നത് മാറ്റി IRTC മുണ്ടൂർ എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ബയോ ഗ്യാസ് പ്ലാന്റ് വാങ്ങുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഗ്രാമസഭയിലൂടെ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കിയ പദ്ധതിയുടെ നിർവ്വഹണം പൂർത്തിയാവുന്നത് വരെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ പദ്ധതി നിർവ്വഹണത്തിൽ വ്യക്തമായ പങ്ക് വഹിക്കുന്നുണ്ടെന്നും, ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കപ്പെടുന്നുണ്ടെന്നും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

2) ഭാവിയിൽ പദ്ധതികൾ ഉപേക്ഷിക്കപ്പെടുവാനുള്ള മേൽ സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

# 3-20 ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്

ആശ്രയ ഭവന നിർമ്മാണം -ഗുണഭോക്താക്കളുടെ രജിസ്റ്റർ പരിശോധിച്ചതിൽ റംലത്ത്,ചീരക്കാട്ടിൽ ഹൗസ്, ചുനങ്ങാട് എന്ന ഗുണഭോക്താവ് ആദ്യഗഡു തുക ₹.60000/- (ആകെ തുക ₹.200000/-) 16.3.18 തിയതിയിൽ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ടി ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/30.11.18ന് വീടുനിർമ്മാണം

പൂർത്തീകരിക്കാത്തതിനെ തുടർന്ന് 19.9.2017ന് ടിയാൾക്ക് കത്ത് അയച്ച എങ്കിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നും ഈ സാമ്പത്തിക വർഷം തന്നെ ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-21 പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

2017-18 വർഷം രൂപീകരിച്ച, അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയില്ല.

പ്രൊജക്ട് നം. 11/18 -ആശ്രയ-അഗതി പുനരധിവാസ ഒന്നാംഘട്ട പദ്ധതി -തുടർ സേവനം . അടങ്കൽ -250000 -സംസ്ഥാനാവിഷ്കൃത ഫണ്ട്, 500000-തനത് ഫണ്ട്

പ്രൊജക്ട് നം. 171-പട്ടികജാതി യുവകലാകാരൻമാർക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ -അടങ്കൽ -400000 -പ്ലാൻ.എസ്.സി.പി.

പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/30.11.18ന് ആശ്രയ പുനരധിവാസ പദ്ധതി സ്പിൽ ഓവർ പ്രൊജക്ടായിരുന്നുവെന്നും സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമാവാതിരുന്നതിനാലാണ് നടപ്പിലാക്കാതിരുന്നത് എന്നും സബ്സിഡി മാർഗ്ഗരേഖ പ്രകാരം 5% ഗുണഭോക്തൃ വിഹിതം അടക്കാൻ തയ്യാറുള്ള പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ആണ് വാദ്യോപകരണങ്ങൾ വാങ്ങി നൽകാൻ അനുമതിയുള്ളത് എന്നും ഇത്തരം സമിതിയോ ഗ്രൂപ്പോ തയ്യാറായി വരാതിരുന്നതിനാലാണ് പ്രൊജക്ട് നിർവഹണത്തിന് സാധിക്കാതെ വന്നത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണം എന്നത് നിർബന്ധ വ്യവസ്ഥയാണ്. വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകുന്ന വേളയിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടിന്റെ അടങ്കൽ തുകയെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തണം. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രൊജക്ടുകൾ തെരഞ്ഞെടുക്കുന്നതിനു മുമ്പ് വിഭവ സമാഹരണം സംബന്ധിച്ച് കൃത്യമായ ഒരു ധാരണ ഉണ്ടാക്കണം. കൂടാതെ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന്റെ മുന്നോടിയായി, മേഖലാ വിഭജന നിബന്ധനകളുടെ

അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവ സ്രോതസ്സുകൾ, പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിഗ് കമ്മിറ്റി ശുപാർശയിൻമേൽ ഭരണ സമിതി കൈകൊള്ളേണ്ടതാണ്. എന്നാൽ പദ്ധതി രൂപീകരണ വേളയിൽ മേൽ നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. അതിനാലാണ് പദ്ധതികൾ ഉപേക്ഷിക്കേണ്ട വരുന്ന സാഹചര്യം സംജാതമാകുന്നത്. ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നടപടിക്രമങ്ങൾ പാലിച്ച്, വകയിരുത്തുന്ന പദ്ധതിതുക പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 700000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 200000 | 0 |
| | | | ഉഴവുകൂലി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 90000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 90000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB, ഷൊർണ്ണൂർ | 165/18-തെരുവ് വിളക്ക് പുതിയ ലൈൻ സ്ഥാപിക്കൽ | 1946800 | 0 | 1946800 |
| KSEB,ഷൊർണ്ണൂർ | 24/18-സമ്പൂർണ്ണ വൈദ്യുതീകരണം | 100000 | 0 | 100000 |
| KSEB,അമ്പലപ്പാറ | 373/18-ഇട്ടിയിൽകുന്ന് കുടിവെള്ളപദ്ധതി വൈദ്യുതി കണക്ഷൻ | 21650 | 0 | 21650 |
| ആകെ | | 2068450 | 0 | 2068450 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ലോൺ തിരിച്ചടവ് | ലഭ്യമല്ല | 14887500 | 779325 | 253132<br>43558* | | 482635 |

- *V.E.O.യുടെ അക്കൗണ്ടിൽ (അമ്പലപ്പാറ സർവീസ് കോ.ഓപ്പ്.ബാങ്ക് A/c.No.8435) ബാലൻസ് ഉള്ള ₹.43558/- ഇ.എം.എസ്.ലോണിൽ തിരിച്ചടച്ചു.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം

| | |
|---|---|
| 1246110 | |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 192571 |
| ആകെ | 1438681 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1438681 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക്, അമ്പലപ്പാറ FD.No.GH0001899 | 1438681 |
| ആകെ | 1438681 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 840 | ജ്യോതി | 117080105050/ 29.8.17 |

| | | | | |
|---|---|---|---|---|
| | | 10800 | അസിസ്റ്റന്റ് എഞ്ചിനീയർ | 117080104374/ 25.7.17 |
| | | 11700 | അസിസ്റ്റന്റ് എഞ്ചിനീയർ | 117080104375/ 25.7.17 |
| | | 209 | അസിസ്റ്റന്റ് എഞ്ചിനീയർ | 117080104368/ 25.7.2017 |
| ആകെ | | 23549 | | |

*2016-17 വർഷത്തെ ഓഡിറ്റ് വേളയിൽ ഓഡിറ്റ് എൻക്വയറികളെ തുടർന്ന് അടവാക്കിയ തുകകളാണ്.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

# 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66911075.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79429293.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 210.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹.2620999.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-5(3) | 150.00 | - | ജോസഫ്.പി.റ്റി.,സെക്രട്ടറി |
| 2-5(4) | 60.00 | - | മനോജ്.പി,സെക്രട്ടറി |
| ആകെ | 210.00 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 701387 | 467589 -ജോസഫ്.പി.റ്റി.,സെക്രട്ടറി<br>233798 -മനോജ്.പി,സെക്രട്ടറി |
| 3-5 | 1488119 | മനോജ്.പി,സെക്രട്ടറി |
| 3-6 | 300000 | ഐഷാബി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 131493 | ഐഷാബി,അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2620999 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോസഫ്.പി.റ്റി., സെക്രട്ടറി | സെക്രട്ടറി, | പാലയിൽ, കോതനല്ലൂർ, |

| | | |
|---|---|---|
| | ഏലിക്കളം ഗ്രാമപഞ്ചായത്ത്, കോട്ടയം | കോട്ടയം |
| മനോജ്.പി, സെക്രട്ടറി | സെക്രട്ടറി,<br><br>ആനക്കര ഗ്രാമപഞ്ചായത്ത് | പെരുമ്പലത്ത് ഹൗസ്,<br><br>മരുളൂർ പി.ഒ.,<br><br>പട്ടാമ്പി, പാലക്കാട് |
| ഐഷാബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br><br>ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് | 31/302,നൗഷീ ഹൈലാന്റ്സ്,<br><br>പുതുപ്പള്ളി സ്ട്രീറ്റ്, നൂറണി (പി.ഒ), പാലക്കാട് -678001 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | കെ.എസ്.എ.പി.കെ.ഡി.16- | 1 | കത്ത് |

| | | | |
|---|---|---|---|
| 1997-18 | 1136/2018/7.9.18 | 11 | (അദാലത്ത്) |
| 1998-99 | | 4 | |
| 1999-00 | | 1 | |
| 2000-01 | | 1 | |
| 2001-02 | | 0 | |
| 2002-03 | | 0 | |
| 2003-04 | | 1 | |
| 2004-05 | | 1 | |
| 2005-06 | | 0 | |
| 2006-07 | | 4 | |
| 2007-08 | LF.P16/2386/2012/14.2.14 | 7 | ഫർദർറിപ്പോർട്ട് |
| 2008-09 | സ.ഉ.(സാധാ)നം.3893/15 /തസ്വഭവ/30.12.15 | 9 | സാധൂകരണം |
| 2009-10 &2010-11 | LF.P16/407/13/3.3.14 | 10 | ഫർദർറിപ്പോർട്ട് |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.16/417 /17/11.4.17 | 22 | ഫർദർറിപ്പോർട്ട് |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.16/ 1404/17/11.12.17 | 10 | ഫർദർറിപ്പോർട്ട് |
| 2013-14to 2014-15 | കെ.എസ്.എ.പി.കെ.ഡി.16/ 960/16/8.6.17 | 12 | ഫർദർറിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.16/ 1881/16/10.4.17 | 5 | ഫർദർറിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.16/ 1583/17/12.3.18 | 16 | ഫർദർറിപ്പോർട്ട് |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. Stock Registerലെ തുകകൾ B-14ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.
4. തൻവർഷ കുടിശ്ശിക തുകകൾക്ക് I-16 ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
5. വസ്തു നികുതി, കുടിശിക വസ്തു നികുതി എന്നിവയുടെ വാർഷിക കണക്കിലെ തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.
6. ഡിപ്പോസിറ്റ് വർക്കിനായി വൈദ്യുതി ബോർഡിന് നൽകിയ തുകAdvance to

implementing Officer എന്ന Headൽ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

## പത്രികകൾ

1. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം

| | | | |
|---|---|---|---|
| Ambalapara Grama Panchayat | | | |
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18526018.50 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 975730.00 |
| 130000000 | Rental income from Panchayat Properties | RP-3 | 410500.00 |
| 140000000 | Fees & User Charges | RP-4 | 534303.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | RP-5 | 165898.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49975140.00 |
| 171000000 | Interest Earned | RP-9 | 178651.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3960169.00 |
| 350000000 | Other Liabilities | RP-36 | 4299038.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 25112.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 443247.00 |
| 350000000 | Other Liabilities | RP-36 | 281205.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5170082.00 |
| 460000000 | Loans, Advances and Deposits | RP-47 | 492000.00 |
| | Grand total | | 85437093.50 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3524156.00 |
| 220000000 | Administrative Expenses | RP-12 | 977839.00 |
| 230000000 | Operations & Maintenance | RP-13 | 2737289.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5478150.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12199582.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1756051.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 488127.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 108526.00 |
| Schemes | | | |
| 255000000 | Maintenance Projects | RP-20 | 7422913.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 300000.00 |
| 280000000 | Prior Period item | RP-26 | 11411.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1030698.00 |
| 350000000 | Other Liabilities | RP-36 | 7264214.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 169.00 |
| 280000000 | Prior Period Item | RP-26 | -17580.00 |
| 310000000 | Panchayat Fund | RP-28 | 239673.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 137000.00 |
| 350000000 | Other Liabilities | RP-36 | 1903157.00 |
| 410000000 | Fixed Assets | RP-38 | 5353553.00 |
| 412000000 | Capital work in Progress | RP-40 | 9941269.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 17759096.00 |
| 460000000 | Loans, Advances and Deposits | RP-47 | 814000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 6007800.50 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 85437093.50 |

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ-സംക്ഷിപ്തം

| Ambalapara Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5194889.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 573226.00 |
| 140000000 | Fee & User Charges | I-4(b) | 702123.00 |
| 150000000 | Sale & Hire Charges | I-5(b) | 165898.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 123820838.00 |
| 170000000 | Income from Investments | I-7 | 239490.00 |
| 171000000 | Interest Earned | I-8 | 178651.00 |
| 180000000 | Other Income | I-9 | 25112.00 |
| | Total Income | | 130900227.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8918408.00 |
| 220000000 | Administrative Expenses | I-11(b) | 978039.00 |
| 230000000 | Operations & Maintenance | I-12(b) | 2737289.00 |
| 240000000 | Interest & Finance Charges | I-13 | 169.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9261196.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 21669336.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1779430.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 488127.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 69338426.00 |
| 255000000 | Maintenance Projects | I-14(e) | 7422913.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 300000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 272000000 | Depreciation | I-17(a) | 880500.00 |
| | Total Expenditure | | 123773833.00 |
| | Gross Surplus/ Deficit of income over Expenditure | | 7126394.00 |
| 280000000 | Prior Period Item | I-18 | 255202.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6871192.00 |

3. ബാലൻസ് ഷീറ്റ്-സംക്ഷിപ്തം

| Ambalapara Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 29516206.60 |
| 312000000 | Reserves | B-3 | 105622180.00 |
| | Total Reserve & Surplus | | 135138386.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1491053.00 |
| | Total Grants, Contributions for Specific Purposes | | 1491053.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 482635.00 |
| | Total Loans | | 482635.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 679644.00 |
| 350000000 | Other Liabilities | B-9 | 1227743.90 |
| | Total Current Liabilities and Provisions | | 1907387.90 |
| | TOTAL LIABILITIES | | 139019462.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 116279788.00 |
| 411000000 | Accumulated Depreciation | B-11 | -5206626.00 |
| 412000000 | Capital Work in Progress | B-11(a) | 401910.00 |
| | Total Fixed Assets | | 111475072.00 |
| | Investments | | |

| | | | |
|---|---|---|---|
| 420000000 | Investments-General Fund | B-12 | 1438681.00 |
| | Total Investments | | 1438681.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 19392274.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -5000.00 |
| 440000000 | Pre-paid Expenses | B-16 | 482635.00 |
| 450000000 | Cash and Bank Balance | B-17 | 6007800.50 |
| 460000000 | Loand, Advances and Deposits | B-18 | 228000.00 |
| | | | |
| | Total Current Assets, Loans and Advances | | 26110709.50 |
| | Total Current Assets, Loans and Advances | | -5000.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 139019462.50 |
| | | | |

ഡെപ്യൂട്ടി ഡയറക്ടർ.